**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3881** **03-03-2023 - ൽ മറുപടിയ്ക്ക്**

**പോലീസ് പരിശീലന പാഠ്യപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്‌തീൻ ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസ് സേനയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി പോലീസ് പരിശീലന പാഠ്യപദ്ധതിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | പോലീസ് സേനയുടെ പരിശീലനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും സമൂഹത്തിന്റെ താഴേക്കിടയിലുള്ള അവശ വിഭാഗങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും നീതി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ട്രെയിനികളുടെ മനോഭാവത്തിൽ കാതലായ മാറ്റം വരുത്തുന്നതിന് പരിശീലന പദ്ധതികൾ കാലാനുസൃതമാക്കിയിട്ടുണ്ട്.<br><br>കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പോലീസ് സബ് ഇൻസ്പെക്ടർ, പോലീസ് കോൺസ്റ്റബിൾ ട്രെയിനിംഗ് സിലബസ് പരിഷ്കരിച്ചിട്ടുണ്ട്.<br><br>പോലീസിന് പൊതുജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും കൃത്യനിർവ്വഹണം സുഗമമാക്കുന്നതിനും സോഫ്റ്റ്സ്കിൽ മൊഡ്യൂൾ പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>മുൻകാലങ്ങളിൽ പുരുഷ പോലീസുദ്യോഗസ്ഥർ വനിതാ ട്രെയിനികൾക്ക് പരിശീലനം നൽകി വന്നിരുന്ന സ്ഥിതിക്ക് മാറ്റം വരുത്തി, വനിതാ പരിശീലകർ പുരുഷ/വനിതാ ട്രെയിനികൾക്ക് പരിശീലനം നൽകി വരുന്നു.<br><br>സബ് ഇൻസ്പെക്ടർ ട്രെയിനികളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രാക്ടിക്കൽ ട്രെയിനിംഗ് കാലാവധി പത്തര മാസമായി ഉയർത്തി. കമാൻഡോ ട്രെയിനിംഗിന്റെ ഭാഗമായി (Grey Hounds) തെലുങ്കാനയിൽ ഒരു മാസത്തെ പ്രത്യേക കമാൻഡോ പരിശീലനവും മാവോയിസ്റ്റ് ഭീഷണികളുടെ പശ്ചാത്തലത്തിൽ LWE ബാധിത |

പോലീസ് സ്റ്റേഷനുകളിൽ അറ്റാച്ച്മെന്റ് ട്രെയിനിംഗും നൽകിയിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളുടെ കേസുകൾ കൈകാര്യം ചെയ്യുമ്പോൾ ഇരയുടെ ഭാഗത്തു നിന്ന് ചിന്തിച്ചുകൊണ്ട് അവർക്ക് പരമാവധി പരിരക്ഷ നൽകുന്നതിനുള്ള പരിശീലനം നൽകി വരുന്നു.

സൈബർ ക്രൈം, സാമ്പത്തിക കുറ്റകൃത്യങ്ങൾ, മനുഷ്യക്കടത്ത്, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം തുടങ്ങിയവ ഫലപ്രദമായി തടയുന്നതിനുള്ള പാഠ്യപദ്ധതികൾ സബ് ഇൻസ്പെക്ടർമാരുടെ നിലവിലുള്ള സിലബസിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഷയങ്ങളിൽ National Police Academy പോലെയുള്ള സ്ഥാപനങ്ങളിലെ വിദഗ്ധരുടെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്.

ഐ.ടി. ട്രെയിനിംഗ്, സി.സി.ടി.എൻ.എസ്. സൈബർ ഫോറൻസിക്, സൈബർ ക്രൈം, ഡിസ്ക് ഫോറൻസിക് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയും BPR&D, MHA, National Police Academy എന്നീ സ്ഥാപനങ്ങളിലെ വിദഗ്ധരുമായി സഹകരിച്ചും നിരവധി ട്രെയിനിംഗ് കോഴ്സുകൾ നൽകിവരുന്നുണ്ട്. ട്രെയിനിംഗിനും തുടർന്നുള്ള പോലീസ് സേവനങ്ങൾക്കുമുള്ള ന്യൂനതകൾ കണ്ടെത്തി മാറ്റം വരുത്തുന്നതിലേയ്ക്കായി ഒരു റിസർച്ച് & പബ്ലിക്കേഷൻ വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വളർന്നുവരുന്ന ഭീകരാക്രമണവും തീവ്രവാദ ആക്രമണവും നേരിടുന്നതിനായി കേരള പോലീസ് സേനാംഗങ്ങൾക്ക് അത്യാധുനിക രീതിയിലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകി വരുന്നു. കൂടാതെ ചെന്നെ കമാൻഡോ ട്രെയിനിംഗ് സ്കൂളിൽ നിന്നും കമാൻഡോ പരിശീലനവും KATS-ൽ നിന്നും Jungle Operations-ൽ പരിശീലനവും നൽകി വരുന്നുണ്ട്.

നിയമ വിഷയങ്ങളിലും ശാസ്ത്ര വിഷയങ്ങളിലും ലഭ്യമായിട്ടുള്ള എല്ലാ പ്രധാന ഓൺലൈൻ ജേർണലുകളും ഇലക്ട്രോണിക് ബുക്കുകളും ട്രെയിനിംഗ് വീഡിയോകളും ട്രെയിനികൾക്ക് ലഭ്യമാകുന്ന വിധത്തിൽ കേരള പോലീസ് അക്കാദമി ക്യാമ്പസിൽ WiFi സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്.

| | | | |
|---|---|---|---|
| | | | വർദ്ധിച്ചുവരുന്ന തീവ്രവാദ-മാവോയിസ്റ്റ് ഭീഷണി ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനുവേണ്ടി കേരള പോലീസ് അക്കാദമിയിൽ Counter IED Training Centre പ്രവർത്തനം ആരംഭിച്ചു. വിവിധതരം സ്ഫോടക വസ്തുക്കൾ കണ്ടെത്തുന്നതിനും സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും അവ നിർവ്വീര്യമാക്കുന്നതിനുമുള്ള സംയോജിത പരിശീലന കേന്ദ്രമാണിത്. |
| (ബി) | സംസ്ഥാനത്ത് പോലീസ് സേനാംഗങ്ങൾ ഡ്യൂട്ടിക്കിടയിലും അല്ലാതെയും ചെയ്യുന്ന സദ്പ്രവൃത്തികൾക്ക് അംഗീകാരവും ബഹുമതിയും നൽകുന്നതിന് പ്രത്യേകമായ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളും പ്രവർത്തനങ്ങളുമാണ് ഇതിനായി പരിഗണിക്കുന്നത്; വിശദാംശം അറിയിക്കുമോ? | (ബി) | മികച്ച സേവനങ്ങൾ കാഴ്ചവയ്ക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് യഥാസമയം മെഡലുകൾ, സർട്ടിഫിക്കറ്റുകൾ, റിവാർഡുകൾ മുതലായവ നൽകി വരുന്നുണ്ട്. ഇത് പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കാൻ പ്രചോദനമാകുന്നതാണ്. പോലീസ് ആസ്ഥാനത്തു നിന്നുള്ള 07.01.2021 ലെ Advisory No. 02/2021 പ്രകാരം മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന ഉദ്യോഗസ്ഥർക്ക് അർഹമായ അംഗീകാരം നൽകി അനുമോദിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ